പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4687** **27. 06. 2014-** ലെ മറുപടി

<u>ഗൾഫ് രാജ്യങ്ങളിൽ നോർക്ക ഉപദേശക സമിതി രൂപീകരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. ജോസഫ് വാഴക്കൻ</u><br><u>ശ്രീ. ബെന്നി ബെഹനാൻ</u><br><u>ശ്രീ. വി.ഡി. സതീശൻ</u><br><u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br><u>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)*</u> |
| (എ) ഗൾഫ് രാജ്യങ്ങളിൽ നോർക്ക ഉപദേശക സമിതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പ്രവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സമിതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി & സി) ഗൾഫ് മേഖലയിലെ വിവിധ രാജ്യങ്ങളിൽ പണിയെടുക്കുന്ന പ്രവാസി മലയാളികൾക്ക് അതത് രാജ്യങ്ങളിൽ അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും തൊഴിൽ തർക്കങ്ങൾ ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങളിൽ എംബസി മുഖേനയുള്ള നോർക്ക വകുപ്പിന്റെ ഇടപെടലുകളെ ഏകോപിപ്പിക്കുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ അവരെ നാട്ടിലെത്തിക്കുന്നതിന് വകുപ്പിനെ സഹായിക്കുന്നതിനും മരണപ്പെടുന്ന പ്രവാസികളുടെ ഭൗതിക ശരീരം സമയബന്ധിതമായി നാട്ടിലെത്തിക്കുന്നതിന് സഹായിക്കാനും ഉദ്ദേശിച്ചാണ് നോർക്ക ഉപദേശക സമിതി രൂപീകരിക്കാൻ ആലോചിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഗൾഫ് രാജ്യങ്ങളിൽ നോർക്ക ഉപദേശക സമിതി രൂപീകരിക്കുന്ന കാര്യം 'മിഷൻ 676' - ൽ ഉൾപ്പെടുത്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ